(ബി) ദേവികുളം ഗിരിജൻ-ഹരിജൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് അനുവാദം നൽകാതിരിക്കുന്നതിന് കാരണം വ്യക്തമാക്കാമോ ;

(സി) ഫോറസ്റ്റ് ജീവനക്കാർ സ്വകാര്യവ്യക്തികളുമായിച്ചേർന്ന് പ്രസ്തുത സ്ഥാപനത്തെ തകർക്കാൻ നടത്തുന്ന ശ്രമങ്ങളെക്കുറിച്ച് അന്വേഷിച്ച് വേണ്ട നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മൂന്നാർ വനം ഡിവിഷന്റെ പരിധിയിൽ വരുന്ന വനപ്രദേശങ്ങളിൽ നിന്നും ആദിവാസികൾ മാത്രം അംഗങ്ങളായ ആദിവാസി വന സംരക്ഷണ സമിതി മുഖേന ആദിവാസികൾ ചെറുകിട വനവിഭവങ്ങൾ ശേഖരിക്കുന്നുണ്ട്.

(ബി) ദേവികുളം, മൂന്നാർ, മറയൂർ എന്നീ വനം റേഞ്ചുകളിൽ നിന്നും ചെറുകിട വനവിഭവ ശേഖരണം നടത്തുന്നതിനുള്ള അവകാശം സംബന്ധിച്ച് ബഹു.ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ ടി റേഞ്ചുകളിൽ നിന്നുള്ള വന വിഭവ ശേഖരണം ഒരു ഗിരിജൻ സർവ്വീസ് സഹകരണ സംഘത്തിനും നൽകേണ്ടതില്ലെന്ന കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷന്റെ ശിപാർശ നിലവിലുള്ളതിനാലും ദേവികുളം ഗിരിജൻ സർവ്വീസ് സഹകരണ സംഘത്തിൽ മുഴുവൻ സമയ സെക്രട്ടറിയെ നിയമിച്ചിട്ടില്ലാത്തതിനാലും ദേവികുളം ഗിരിജൻ സർവ്വീസ് സഹകരണ സംഘത്തിന് ചെറുകിട വനവിഭവ ശേഖരണാനുമതി നൽകിയിട്ടില്ല.

(സി) ഫോറസ്റ്റ് ജീവനക്കാർ സ്വകാര്യ വ്യക്തികളുമായിച്ചേർന്ന് ദേവികുളം ഗിരിജൻ-ഹരിജൻ സർവ്വീസ് സഹകരണ സംഘത്തെ തകർക്കാൻ ശ്രമിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സാമൂഹ്യവനവൽക്കരണം, ഹരിത കേരളം തുടങ്ങിയ പദ്ധതികൾ

229(936) ശ്രീ. എൻ. രാജൻ :
ശ്രീ. കെ. രാജു :
ശ്രീ. കെ. അജിത് :
ശ്രീ. രാജാജി മാത്യു തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കഴിഞ്ഞ അഞ്ചുവർഷക്കാലത്തിനിടയിൽ സാമൂഹ്യ വനവൽക്കരണം, ഹരിതകേരളം തുടങ്ങിയ എത്ര പദ്ധതികളാണ് വനം വകുപ്പിന്റെ കീഴിൽ തുടക്കം കുറിച്ചിട്ടുള്ളത് ; ഇതിൽ എത്ര പദ്ധതികൾ പൂർത്തിയായി ;

(ബി) ഈ ഓരോ പദ്ധതിയുടെയും ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു, ഇവ എത്രത്തോളം പ്രാവർത്തികമാക്കിയെന്ന് വ്യക്തമാക്കുമോ ;

(സി) ഈ പദ്ധതികളിൽ ഉൾപ്പെടുത്തി നാളിതുവരെ എത്ര വൃക്ഷത്തൈകൾ വച്ചുപിടിപ്പിച്ചിട്ടുണ്ട് ; ഇവ എത്തെല്ലാം ഇനങ്ങളിൽപ്പെട്ടവയാണെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് കഴിഞ്ഞ അഞ്ചു വർഷക്കാലത്തിനിടയിൽ എന്റെ മരം, നമ്മുടെ മരം ഹരിത തീരം, ഹരിതകേരളം, വഴിയോര തണൽ, എന്നീ പദ്ധതികൾക്കാണ് തുടക്കം കുറിച്ചിട്ടുള്ളത്. ഏറ്റെടുത്തു നടപ്പിലാക്കിയ എല്ലാ പദ്ധതികളും പൂർത്തീകരിച്ചു.

(ബി) വനം വകുപ്പും വിദ്യാഭ്യാസ വകുപ്പും ചേർന്ന് 2007-ൽ 5-ാം ക്ലാസ്സ് മുതൽ 9-ാം ക്ലാസ്സ് വരെയുള്ള സ്ക്കൂൾ കുട്ടികൾ മുഖേന നടപ്പിലാക്കിയ പദ്ധതിയാണ് എന്റെ മരം പദ്ധതി. ഈ പദ്ധതിപ്രകാരം 2007-08 മുതൽ 2010-11 വരെ ആകെ 67.66 ലക്ഷം വൃക്ഷത്തൈകൾ വിതരണം ചെയ്തു നട്ടുപിടിപ്പിച്ചു. തേക്ക്, പ്ലാവ്, ആഞ്ഞിലി, കശുമാവ്, ബദാം, കമ്പകം, അശോകം, പുളി, കുടംപുളി, വേപ്പ്, വേങ്ങ, ചെമ്പകം, കുവളം, മാവ് എന്നീ ഇനങ്ങളിലുള്ള വൃക്ഷത്തൈകളാണ് വിതരണം ചെയ്തത്. വനം വകുപ്പിന്റെ ഈ പദ്ധതിയെ കേന്ദ്ര സർക്കാർ അംഗീകരിക്കുകയും ദേശീയ അവാർഡായ ഇന്ദിരാ പ്രിയദർശിനി വൃക്ഷമിത്ര അവാർഡ് 2007 നൽകുകയും ചെയ്തു. 2008-ൽ +2 മുതൽ കോളേജ് തലം വരെയുള്ള വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് വനം വകുപ്പും വിദ്യാഭ്യാസ വകുപ്പും സംയുക്തമായി നടപ്പിലാക്കിയ പദ്ധതിയാണ് നമ്മുടെ മരം പദ്ധതി. കോളേജ് കാമ്പസിലും ലഭ്യമായ മറ്റു സർക്കാർ സ്ഥലങ്ങളിലും നാളിതുവരെ 15.46 ലക്ഷം വൃക്ഷത്തൈകൾ വിതരണം ചെയ്തു. 2007-08 മുതൽ ചുമട്ടുതൊഴിലാളികളുടെ സഹകരണത്തോടും പങ്കാളിത്തത്തോടുംകൂടി നടപ്പിലാക്കിയ വഴിയോരതണൽ പദ്ധതി പ്രകാരം ദേശീയ സംസ്ഥാന പാതകളുടെയും മറ്റു പ്രധാന റോഡുകളുടെയും വശങ്ങളിൽ വിവിധയിനം വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചു. 2007 മുതൽ 2010 വരെ 1.51 ലക്ഷം തൈകൾ നട്ടുപിടിപ്പിച്ചു പരിപാലിച്ചു.

കേന്ദ്ര സർക്കാരിന്റെ സുനാമി ദുരിതാശ്വാസ ഫണ്ട് ഉപയോഗിച്ച് തീരപ്രദേശങ്ങളിൽ പ്രകൃതി ക്ഷോഭങ്ങളെ ചെറുക്കാൻ കാറ്റാടിയും കണ്ടൽ തൈകളും വച്ചു പിടിപ്പിക്കുന്നതിന് ലക്ഷ്യമാക്കി നടപ്പിലാക്കിയ പദ്ധതിയാണ് ഹരിത തീരം പദ്ധതി. ഈ പദ്ധതിപ്രകാരം 163.40 ഹെ. ജൈവവേലി നിർമ്മിക്കുകയും 14.65 ഹെ. സ്ഥലത്ത് കണ്ടൽ കാടുകൾ നട്ടുപിടിപ്പിക്കുകയും ചെയ്തു. 2009-10, 2010-11 എന്നീ രണ്ടു വർഷങ്ങളിലായി ഒരു കോടി വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നതിനായി ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് ഹരിത കേരളം പദ്ധതി. ഈ പദ്ധതിയുടെ 1-ാം ഘട്ടത്തിൽ (2009-10) കേരളത്തിലെ തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾ വഴി 3.14 ലക്ഷം വൃക്ഷത്തൈകൾ പൊതുസ്ഥലങ്ങൾ സർക്കാർ-സർക്കാരേതര ഭൂമി, പാതയോരങ്ങൾ, റെയിൽ പാതയോരങ്ങൾ, നദീ-പുഴ, തോട്, തടാകം എന്നിവയുടെ കരകൾ തുടങ്ങിയ പ്രദേശങ്ങളിലെല്ലാം തൈകൾ നട്ടു പിടിപ്പിച്ചു. ഈ പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ (2010-11) സ്കൂൾ കുട്ടികൾ, കോളേജ് വിദ്യാർത്ഥികൾ സന്നദ്ധ സംഘടനകൾ, മതസ്ഥാപനങ്ങൾ, റസിഡന്റ്സ് അസോസിയേഷനുകൾ, മനോരമ (ഭൂമിക്കൊരു കുട), മാതൃഭൂമി, (സീഡ് പ്രോഗ്രാം), പൊതുജനങ്ങൾ എന്നിവരുടെ സഹായത്തോടെ 79.5 ലക്ഷം വൃക്ഷത്തൈകൾ വിതരണം ചെയ്തു നട്ടുപിടിപ്പിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(സി) എന്റെ മരം - 69.66 ലക്ഷം

നമ്മുടെ മരം - 15.46 ലക്ഷം

ഹരിത തീരം - 163.40 കി.മീ. (ജൈവവേലി), 14.65 കി.മീ. (കണ്ടൽ തൈകൾ)

ഹരിത കേരളം - 79.5 ലക്ഷം വൃക്ഷത്തൈകൾ

വഴിയോര തണൽ - 1.51 ലക്ഷം

തേക്ക്, പ്ലാവ് ആഞ്ഞിലി, കശുമാവ്, ബദാം, കമ്പകം, അശോകം, പുളി, കുടംപുളി, വേപ്പ്, വെങ്ങ ചെമ്പകം, കൂവളം മാവ് എന്നീ ഇനങ്ങളിലുള്ള വൃക്ഷത്തൈകളാണ് വിതരണം ചെയ്തത്.

സാമൂഹ്യ വനവൽക്കരണം ലക്ഷ്യമാക്കി വനം വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ

230(937) ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീമതി കെ. കെ. ലതിക :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യവനവൽക്കരണം ലക്ഷ്യമാക്കി വനം വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണ് ;

(ബി) ഈ പദ്ധതികൾമൂലം ഉണ്ടായിട്ടുള്ള നേട്ടങ്ങൾ വിശദമാക്കുമോ ;

(സി) 'ഹരിതകേരളം' പദ്ധതിയുടെ ഭാഗമായി എത്ര വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചു ; ഇനി എത്ര തൈകൾ കൂടി വച്ചുപിടിപ്പിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ;

(ഡി) 'വഴിയോരത്തണൽ' പദ്ധതി എല്ലാ റോഡുകളുടെയും ഓരങ്ങളിൽ നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ;

(ഇ) സംസ്ഥാനത്തെ സാമൂഹ്യവനവൽക്കരണ പദ്ധതികൾക്ക് കേന്ദ്ര സർക്കാരിന്റെയും മറ്റു സംഘടനകളുടെയും പുരസ്ക്കാരങ്ങൾ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ?

ഉത്തരം

(എ) സാമൂഹ്യ വനവൽക്കരണം ലക്ഷ്യമാക്കി വനം വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളാണ് എന്റെ മരം, നമ്മുടെ മരം, ഹരിത തീരം, ഹരിത കേരളം, വഴിയോര തണൽ എന്നിവ.

(ബി) വനം വകുപ്പും വിദ്യാഭ്യാസ വകുപ്പും സംയുക്തമായി ചേർന്ന് 2007-ൽ 5-ാം ക്ലാസ്സ് മുതൽ 9-ാം ക്ലാസ്സ് വരെയുള്ള സ്കൂൾ കുട്ടികൾ മുഖേന നടപ്പിലാക്കിയ പദ്ധതിയാണ് എന്റെ മരം പദ്ധതി. ഈ പദ്ധതിപ്രകാരം 2007-08

LIBRARY ARCHIVES Kerala Legislative Assembly